## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1111.** **30.11.2018 ൽ മറുപടിയ്ക്ക്**

### ബ്രൂവറികളും കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകളും അനുവദിക്കൽ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.വി.എസ്.ശിവകുമാർ | | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | മദ്യഷാപ്പുകളിൽ വിതരണത്തിന് ആവശ്യമായ ഇന്ത്യൻ നിർമ്മിത വിദേശ മദ്യവും, ബീയറും സംസ്ഥാനത്ത് തന്നെ ഉൽപാദിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും | കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന ബീയറിന്റെ 40 ശതമാനവും ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ 7 ശതമാനവും മറ്റുസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന സാഹചര്യമാണു ള്ളത്. സംസ്ഥാനത്തിന്റെ ഉപഭോഗത്തിന് ആവശ്യമായ മദ്യം സംസ്ഥാനത്ത് തന്നെ ഉൽപ്പാദിപ്പിക്കുന്ന പക്ഷം ഉണ്ടാകാവുന്ന സാമ്പത്തിക നേട്ടവും പുതുതായി സൃഷ്ടിക്കുവാൻ കഴിയുന്ന തൊഴിലവസരവും പരിഗണിച്ച് പുതിയ ബ്രൂവറികളും, കോമ്പൗണ്ടിംഗ് ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾക്കും അനുവാദം നൽകിയിരുന്നു.<br>ശ്രീചക്രാ ഡിസ്റ്റലറീസ്, തൃശ്ശൂർ, മലബാർ ഡിസ്റ്റലറീസ് ലിമിറ്റഡ്, ചിറ്റൂർ, പാലക്കാട് എന്നീ കോമ്പൗണ്ടിംഗ് ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾക്കും; അപ്പോളോ ഡിസ്റ്റലറീസ് & ബ്രൂവറീസ്, എലപ്പുള്ളി, പാലക്കാട്, ശ്രീധരൻ ബ്രൂവറി, വാരം, കണ്ണൂർ, പവർ ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം എന്നീ ബ്രൂവറി യൂണിറ്റുകൾക്കുമാണ് പ്രാഥമിക അനുമതി നൽകിയിരുന്നത്. എന്നാൽ ഇത്തരത്തിൽ അനുവാദം നൽകിയ ഉത്തരവുകൾ 09/10/2018 തീയതിയിലെ സ.ഉ(സാധാ)നം.744/2018/നി.വ പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത തീരുമാനപ്രകാരം മൂന്ന് ബ്രൂവറികൾക്കും രണ്ട് കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾക്കും അനുമതി നൽകുന്നതിന് തീരുമാനം എടുത്തിരുന്നോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | 29.09.99-ലെ GO(Rt)/689/99/TD ഉത്തരവനുസരിച്ച് സംസ്ഥാനത്ത് പുതിയ ഡിസ്റ്റിലറി/കോമ്പൗണ്ടിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് | | സംസ്ഥാനത്ത് പുതുതായി ഡിസ്റ്റിലറി/ കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 31/12/1998 വരെ എക്സൈസ് വകുപ്പിൽ ലഭിച്ചിരുന്ന അപേക്ഷകൾ |

| | | | |
|---|---|---|---|
| | അനുമതി നൽകേണ്ടതില്ലെന്ന് ക്യാബിനറ്റ് നയപരമായ തീരുമാനം എടുത്തിരുന്നോ ; | (സി) യും (ഡി) യും | പരിഗണിക്കുന്ന വിഷയമാണ് 24/09/1999-ലെ മന്ത്രിസഭാ യോഗം പരിശോധിച്ചത്. വിഷയം പരിഗണിച്ച മന്ത്രിസഭാ യോഗം, മന്നം ഷുഗർ മില്ലിന്റെ അപേക്ഷ മാത്രം അനുവദിക്കുകയും പരാമർശ കാലയളവിൽ ലഭിച്ച മറ്റെല്ലാ അപേക്ഷകളും നിരസിക്കുകയും ചെയ്തു. ഈ മന്ത്രിസഭാ തീരുമാനമാണ് 29/09/1999-ലെ സ.ഉ(സാധാ) നം.689/99/നി.വ. ആയി പുറപ്പെടുവിച്ചിട്ടുള്ളത്. ഡിസ്റ്റിലറി/കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഭാവിയിൽ വരുന്ന അപേക്ഷകൾ പരിഗണിക്കേണ്ടതില്ലായെന്ന് 29/09/1999 ലെ ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ല. നിലവിൽ കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റിന് അംഗീകാരം നൽകുന്നതിന് മന്ത്രിസഭയുടെ നയപരമായ തീരുമാനം ആവശ്യമില്ലാത്തതാണ്. |
| (ഡി) | നയപരമായ തീരുമാനം മാറ്റിയശേഷമാണോ മൂന്ന് ബ്രൂവറികൾക്കും രണ്ട് കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകൾക്കും അനുമതി നൽകിയതെന്നും പ്രസ്തുത തീരുമാനത്തിന് ക്യാബിനറ്റിന്റെ അംഗീകാരം ഉണ്ടായിരുന്നോ എന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ക്യാബിനറ്റിന്റെ അംഗീകാരം തേടാതെ നയപരമായ തീരുമാനത്തിൽ വ്യതിയാനം വരുത്തിയത് ഏത് സാഹചര്യത്തിലാണെന്നും വ്യക്തമാക്കുമോ ; | | |
| (ഇ) | പുതിയ ബ്രൂവറികളും, കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റുകളും അനുവദിക്കുന്ന കാര്യം മദ്യനയത്തിൽ പ്രഖ്യാപിച്ചിരുന്നോ; വിശദമാക്കുമോ ? | (ഇ) | പുതിയ മദ്യനിർമ്മാണശാലകൾ ആരംഭിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം തന്നെ തീരുമാനം കൈക്കൊള്ളാവുന്നതാണ്. |

(signature)

**സെക്ഷൻ ഓഫീസർ**